സ്പോർട്സ് കൗൺസിൽ 26 കോച്ചുമാരെ നിയമിച്ച നടപടി

213 (1148) ഡോ. എം. എ. കുട്ടപ്പൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;.

(എ) സ്പോർട്സ് ബിൽ നിയമസഭ പാസ്സാക്കിക്കഴിഞ്ഞശേഷം കോടതി നിർദ്ദേശമാണെന്ന വ്യാജേന നിയമവിരുദ്ധമായി സ്പോർട്സ് കൗൺസിൽ 26 കോച്ചുമാരെ നിയമിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പി.എസ്.സി.യുമായി ആലോപിച്ച ശേഷമേ സ്പോർട്സ് കൗൺസിലിൽ നിയമനം നടത്താവു എന്ന നിയമം നിയമസഭ പാസ്സാക്കിയ ശേഷം അതിനെ അവഗണിച്ചുകൊണ്ട് നിയമനം നടത്തിയതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) പരമാവധി പ്രായം 50 വയസ് എന്ന് നിശ്ചയിച്ചാണ് നിയമനം നടത്തിയതെന്നും പ്രായപരിധി കഴിഞ്ഞവരെ നിയമിച്ചിട്ടുണ്ടെന്നുമുള്ള വസ്തുത ഗവൺമെന്റ് ശ്രദ്ധിച്ചിട്ടുണ്ടോ ;

(ഡി) 26 കോച്ചുമാരുടെ നിയമനത്തിനു നടത്തിയ ടെസ്റ്റിന്റെ കാര്യത്തിലും ഇന്റർവ്യൂ നടത്തിയ അന്നുതന്നെ നിയമന ഉത്തരവ് നൽകി സത്യപ്രതിജ്ഞ നടത്തിച്ചു എന്നതു സംബന്ധിച്ചും എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതേക്കുറിച്ച് അന്വേഷിക്കുമോ ?

ഉത്തരം

(എ) സ്പോർട്സ് ബിൽ നിയമസഭ പാസ്സാക്കിയതിനുശേഷം കേരള സ്പോർട്സ് കൗൺസിൽ, 26 കോച്ചുമാരെ നിയമിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്പോർട്സ് ബിൽ നിയമസഭ പാസ്സാക്കിയെങ്കിലും പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്നിട്ടില്ല. ആയതിനാൽ, നിലവിലുള്ള നിയമമനുസരിച്ച് നിയമനം നടത്തുന്നതിന് കൗൺസിലിന് അധികാരമുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നു.

(ഡി) ഇന്റർവ്യൂ നടത്തിയ ദിവസം തന്നെ നിയമന ഉത്തരവുനൽകിയിട്ടില്ലെന്ന് കൗൺസിൽ സെക്രട്ടറി സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

കൊടുങ്ങല്ലൂരിൽ ഐ. ടി. ഐ. സ്ഥാപിക്കാൻ നടപടി

214 (T 1149) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാങ്കേതിക വിദ്യാഭ്യാസ മേഖലകളിൽ പിന്നോക്കം നിൽക്കുന്ന കൊടുങ്ങല്ലൂരിൽ ഒരു സർക്കാർ ഐ.റ്റി.ഐ. സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഇതിന് ആവശ്യമായ ഫണ്ട് 2001-2002-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly